| 228 | കൃഷി ഓഫീസിലേക്ക് കളർ പ്രിന്റർ വാങ്ങൽ | AO | New | ജനറൽ | 30000 |
| 229 | ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ | MO (PHC)/(MO) CHC | SO | ജനറൽ | 275648 |
| 230 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | MO (PHC)/(MO) CHC | SO | ജനറൽ | 83001 |
| 231 | സുഗന്ധഗിരി സബ് സെന്റർ കെട്ടിട നിർമാണം | AE(LSGD) | New | ജനറൽ | 2775000 |
| 232 | പാറക്കുന്ന് സബ് സെന്റർ കെട്ടിട നിർമാണം | AE(LSGD) | New | ജനറൽ | 2775000 |
| 233 | പെരിങ്കോട സബ് സെന്റർ കെട്ടിട നിർമാണം | AE(LSGD) | New | ജനറൽ | 2775000 |

| | | | | | |
|---|---|---|---|---|---|
| 234 | ആനോത്ത് പാപ്പാല റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 351000 |
| 235 | ഐകെഎം വിഹിതം – കുടിശ്ശിക അടവാക്കൽ | SEC (GP) | New | ജനറൽ | 67015 |
| 236 | എബിസി പദ്ധതി പൂർത്തീകരണം – വിഹിതം നൽകൽ | SEC (GP) | New | ജനറൽ | 100000 |
| 237 | പഞ്ചായത്തിലേക്കും ഘടക സ്ഥാപനങ്ങളിലേക്കും കംപ്യൂട്ടർ പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | SEC (GP) | New | ജനറൽ | 41830 |
| 238 | വനിതകൾക്ക് ഓപ്പൺ ജിം | SUP (ICDS) | New | ജനറൽ | 400000 |
| 239 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | MO (PHC)/(MO) CHC | New | ജനറൽ | 321000 |
| 240 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | MO (PHC)/(MO) CHC | New | ജനറൽ | 527000 |
| 241 | ഹെൽത് ഗ്രാന്റ് കെട്ടിട നിർമ്മാണം – സോയിൽ ടെസ്റ്റ് | AE(LSGD) | New | ജനറൽ | 150000 |
| 242 | അഗതി ആശ്രയ ഭവന പുനരുദ്ധാരണം | VEO/LVEO | New | ജനറൽ | 800000 |
| 243 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നവീകരണം | AE(LSGD) | New | ജനറൽ | 415859 |
| 244 | അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | SEC (GP) | New | ജനറൽ | 0 |
| 245 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)–രണ്ടാം ഗഡു | SEC (GP) | New | ജനറൽ | 0 |
| 246 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(എസ് സി പി)–രണ്ടാം ഗഡു | SEC (GP) | New | എസ്സ്.സ്സി.പി | 0 |
| 247 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)–മൂന്നാം ഗഡു | SEC (GP) | New | ജനറൽ | 0 |
| 248 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(എസ് സി പി)–മൂന്നാം ഗഡു | SEC (GP) | New | എസ്സ്.സ്സി.പി | 0 |
| 249 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ടി എസ് പി)–മൂന്നാം ഗഡു | SEC (GP) | New | റ്റി.എസ്സ്.പി | 0 |
| 250 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ടി എസ് പി)–രണ്ടാം ഗഡു | SEC (GP) | New | റ്റി.എസ്സ്.പി | 0 |
| 251 | വൃത്തി 2025– ദി ക്ലീൻ കേരളാ കോൺക്ലേവ് | SEC (GP) | New | ജനറൽ | 25000 |

# 2025-26 വർഷത്തെ പദ്ധതികൾ

| Project No | Project Name Mal | Impl Code | Project Type | Project Category | FundTotal |
|---|---|---|---|---|---|
| 1 | പദ്ധതി രൂപീകരണവും നിർവ്വഹണവും ചിലവുകൾ | SEC (GP) | New | ജനറൽ | 200000 |
| 2 | ഐകെഎം വിഹിതം നൽകൽ | SEC (GP) | New | ജനറൽ | 125623 |
| 4 | എസ്എസ്കെ വിഹിതം നൽകൽ-പൊതുവിഭാഗം | SEC (GP) | New | ജനറൽ | 300000 |
| 5 | എസ് എസ് കെ വിഹിതം നൽകൽ - പട്ടിക വർഗ്ഗ വിഭാഗം | SEC (GP) | New | റ്റി.എസ്സ്.പി | 300000 |
| 6 | എസ് എസ് കെ വിഹിതം -പട്ടിക ജാതി വിഭാഗം | SEC (GP) | New | എസ്സ്.സ്സി.പി | 300000 |
| 7 | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾ | SEC (GP) | New | ജനറൽ | 40000 |
| 8 | ടെക്നിക്കൽ അസിസ്റ്റന്റ് ഹോണറേറിയം | SEC (GP) | New | ജനറൽ | 400000 |
| 9 | പ്രൊജക്ട് അസിസ്റ്റന്റ് വേതനം | SEC (GP) | New | ജനറൽ | 300000 |
| 10 | സമ്പൂർണ്ണ ഭവന പദ്ധതി - വായ്പാ പലിശ തിരിച്ചവ് | SEC (GP) | New | ജനറൽ | 2500000 |
| 11 | ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കൽ | SEC (GP) | New | ജനറൽ | 300000 |
| 13 | കേരളോത്സവം | As SEC (GP) | New | ജനറൽ | 115852 |
| 14 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തന ചെലവുകൾ | As SEC (GP) | New | ജനറൽ | 974140 |
| 15 | സേട്ടുക്കുന്ന് മഹിളാ മന്ദിരം കെട്ടിട നവീകരണം | AE(LSGD) | New | ജനറൽ | 500000 |
| 17 | പ്ലാന്റേഷൻ വനിത ഉൽപ്പന്ന വിപണന കേന്ദ്രം കെട്ടിട നവീകരണം | AE(LSGD) | New | ജനറൽ | 500000 |
| 20 | പഞ്ചായത്ത് ഓഫീസ് നവീകരണം | AE(LSGD) | New | ജനറൽ | 800000 |
| 21 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നവീകരണം | AE(LSGD) | New | ജനറൽ | 700000 |
| 22 | ചാത്തോത്ത് റോഡ് ഡ്രെയിനേജ് | AE(LSGD) | New | ജനറൽ | 440000 |
| 24 | വലിയപാറ മേൽമുറി റോഡ് | AE(LSGD) | New | ജനറൽ | 445000 |

| | | | | | |
|---|---|---|---|---|---|
| | ഡ്രൈയിനേജ് | | | | |
| 26 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും NQAS പ്രവർത്തനങ്ങൾ നടപ്പാക്കൽ | MO (PHC)/(MO) CHC | New | ജനറൽ | 500000 |
| 29 | കറുവൻതോട് റോഡ് ഡ്രൈയിനേജ് | AE(LSGD) | New | ജനറൽ | 445000 |
| 31 | പെരുങ്കോട കല്ലൂർ റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 1050000 |
| 32 | ചാത്തോത്ത് 22 റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 1050000 |
| 33 | ആറാം മൈൽ മേൽമുറി റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 1000000 |
| 34 | ലൈഫ് ഭവന നിർമ്മാണ പദ്ധതി ജനറൽ | VEO/LVEO | New | ജനറൽ | 90310000 |
| 35 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - എസ് സി പി | VEO/LVEO | New | എസ്സ്.സ്സി.പി | 20000000 |
| 36 | ലൈഫ് ഭവന നിർമ്മാണ പദ്ധതി ടി എസ് പി | VEO/LVEO | New | റ്റി.എസ്സ്.പി | 20000000 |
| 37 | പിഎംഎവൈ വിഹിതം നൽകൽ പട്ടിക വർഗ്ഗ വിഭാഗം | VEO/LVEO | New | റ്റി.എസ്സ്.പി | 300000 |
| 38 | പിഎംഎവൈ വിഹിതം നൽകൽ പട്ടികജാതി | VEO/LVEO | New | എസ്സ്.സ്സി.പി | 420000 |
| 39 | പിഎംഎവൈ വിഹിതം നൽകൽ ജനറൽ | VEO/LVEO | New | ജനറൽ | 500000 |
| 40 | പിഎംഎവൈ പി എം ജൻമൻ വിഹിതം നൽകൽ പട്ടിക വർഗ്ഗ വിഭാഗം | VEO/LVEO | New | റ്റി.എസ്സ്.പി | 1200000 |
| 41 | കുമ്മായ വിതരണം | AO | New | ജനറൽ | 933333 |
| 42 | സ്ഥിരം കൃഷി - നെൽ കൂലിചിലവ് | AO | New | ജനറൽ | 140000 |
| 43 | കുമ്മായ വിതരണം പട്ടിഗ വർഗ കർഷകർക്ക് | AO | New | റ്റി.എസ്സ്.പി | 500000 |
| 44 | പച്ചക്കറി തൈ വിതരണം | AO | New | ജനറൽ | 450000 |
| 49 | ജലസേചനത്തിന് പമ്പ്സെറ് വിതരണം | AO | New | ജനറൽ | 400000 |
| 50 | ജലസേചന പമ്പ്സെറ് വിതരണം - പട്ടിക വർഗം | AO | New | റ്റി.എസ്സ്.പി | 400000 |

| | | | | | |
|---|---|---|---|---|---|
| 51 | കൃഷിഭവൻ ആവർത്തന ചിലവുകൾ | AO | New | ജനറൽ | 50000 |
| 52 | മേൽമുറി അംഗൻവാടി റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 500000 |
| 54 | കറുവൻതോട് വേങ്ങാത്തോട് റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 1050000 |
| 55 | പാറക്കുന്ന് റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 700000 |
| 57 | സുഗന്ധഗിരി യുപി സ്കൂൾ റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 700000 |
| 59 | ഹരിത കർമ്മസേന തുടർപ്രവർത്തനങ്ങൾ | VEO/LVEO | New | ജനറൽ | 898520 |
| 60 | ഹരിത കർമ്മസേനക്ക് യൂസർ ഫീ | VEO/LVEO | New | ജനറൽ | 100000 |
| 61 | പെയിൻ ആന്റ് പാലിയോറിവ് പദ്ധതി | MO (PHC)/(MO) CHC | New | ജനറൽ | 1100000 |
| 62 | ആർദ്രം മിഷൻ- ഡോക്ടർ പാരമെഡിക്കൽ സ്റ്റാഫ് ഹോണറേറിയം | MO (PHC)/(MO) CHC | New | ജനറൽ | 945860 |
| 63 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്കും ഉപകേന്ദ്രങ്ങളിലേക്കും മരുന്നും ഉപകരണങ്ങളും വാങ്ങൽ | MO (PHC)/(MO) CHC | New | ജനറൽ | 400000 |
| 64 | കുടുംബാരോഗ്യ കേന്ദ്രം ദൈനംദിന ആവർത്തന ചിലവ് | MO (PHC)/(MO) CHC | New | ജനറൽ | 300000 |
| 65 | സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ഭക്ഷ്യകിറ്റ് വിതരണം | MO (PHC)/(MO) CHC | New | റ്റി.എസ്സ്.പി | 42000 |
| 66 | ഫാമിലി ഹെൽക്ക് സെന്ററിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | MO (PHC)/(MO) CHC | New | ജനറൽ | 500000 |
| 67 | വനിതകൾക്കുള്ള ഫിറ്റ്നെസ്സ് സെന്റർ | MO (PHC)/(MO) CHC | New | ജനറൽ | 3643280 |
| 68 | പാലിയേറ്റിവ് കെയർ യൂണിറ്റുകൾക്ക് മരുന്ന് വാങ്ങൽ വിഹിതം നൽകൽ | MO (PHC)/(MO) CHC | New | ജനറൽ | 100000 |
| 70 | അച്ചൂർ നാലാം നമ്പർ റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 700000 |
| 71 | എടത്തറക്കടവ് കൈപ്പട്ടി റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 1050000 |
| 72 | പാൊഴുതന മീഞ്ചാൽ റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 500000 |
| 73 | പുതിയ റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 600000 |

| | | | | | |
|---|---|---|---|---|---|
| 74 | കാരാറ്റ റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 600000 |
| 75 | ശാരീരിക മാനസിക വെല്ലു വിളികള് നേരിടുന്ന വിദ്യാർഥികളക്ക് സകോളർഷിപ് | SUP (ICDS) | New | ജനറൽ | 1400000 |
| 77 | മുവട്ടി ഉന്നതി റോഡ് | AE(LSGD) | New | റ്റി.എസ്സ്.പി | 300000 |
| 78 | കറവപ്പശു കാലിത്തീറ്റ വിതരണ പദ്ധതി | VETS | New | ജനറൽ | 1000000 |
| 79 | പത്താം നമ്പർ കേളപ്പൻ റോഡ് | AE(LSGD) | New | റ്റി.എസ്സ്.പി | 300000 |
| 80 | കറവപ്പശു വിതരണം | VETS | New | ജനറൽ | 1200000 |
| 82 | മൃഗാശുപത്രി മരുന്ന് വാങ്ങൽ പദ്ധതി | VETS | New | ജനറൽ | 700000 |
| 83 | അഗൻവാടി അനുപൂരക പോഷകാഹാരം | SUP (ICDS) | New | ജനറൽ | 2000000 |
| 84 | അഗൻവാടി അനുപൂരക പോഷകാഹാരം പട്ടികജാതി | SUP (ICDS) | New | എസ്സ്.സ്സി.പി | 700000 |
| 85 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | DFI | New | ജനറൽ | 1550000 |
| 86 | കുരങ്ങു പനി നിയന്ത്രണം മരുന്ന് വാങ്ങൽ പദ്ധതി | VETS | New | ജനറൽ | 100000 |
| 87 | വെറ്ററിനരി ഡിസ്പെൻസറി – ധാതുലവണമിശ്രിതം വാങ്ങൽ | VETS | New | ജനറൽ | 150000 |
| 88 | അഗൻവാടി അനുപൂ രകപോഷകഹാരം പട്ടികവർഗം | SUP (ICDS) | New | റ്റി.എസ്സ്.പി | 1000000 |
| 92 | കാപ്പാട്ടുകുന്ന് റോഡ് കോണ്ക്രീറ്റ് | AE(LSGD) | New | എസ്സ്.സ്സി.പി | 150000 |
| 94 | വെറ്ററിനറി ഡിസ്പെൻസറിയുടെ ആവർത്തന ചെലവുകൾ | VETS | New | ജനറൽ | 62400 |
| 96 | തെങ്ങുംപിലാക്കൽ അംഗൻവാടി നവീകരണം | AE(LSGD) | New | ജനറൽ | 300000 |
| 97 | ജാഗ്രതസമിതി തുടർപ്രവർത്തനങ്ങൾ | SUP (ICDS) | New | ജനറൽ | 25000 |
| 98 | പിണങ്ങോട് യു പി സ്കൂൾ നവീകരണം | AE(LSGD) | New | ജനറൽ | 300000 |
| 99 | വിവിധ സ്കൂളുകളുടെ അറ്റകുറ്റപണികൾ | AE(LSGD) | New | ജനറൽ | 2471600 |
| 105 | ഭിന്നശേഷി കലോൽസവം | SUP (ICDS) | New | ജനറൽ | 75000 |

| | | | | | |
|---|---|---|---|---|---|
| 106 | മുത്താറിക്കുന്ന് ഉന്നതി പൊതു ടോയലെറ്റ് നിർമാണം | AE(LSGD) | New | റ്റി.എസ്സ്.പി | 200000 |
| 107 | മച്ചിങ്ങൽ തോട് സൈഡ് സംരക്ഷണം | AE(LSGD) | New | ജനറൽ | 300000 |
| 109 | വിള ആരോഗ്യ പരിപാലന കേന്ദ്രം മരുന്ന് വാങ്ങൽ | AO | New | ജനറൽ | 50000 |
| 110 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | MO (AYU) | New | ജനറൽ | 1000000 |
| 111 | മുറ്റത്തൊരു മീൻതോട്ടം | SI(FIS) | New | ജനറൽ | 240000 |
| 113 | ആയുർവേദ ഡിസ്പെൻസറിക്ക് ആവർത്തന ചെലവുകള് | MO (AYU) | New | ജനറൽ | 50000 |
| 115 | അഗണവാടികൾക്ക് ആവർത്തനചിലവുകൾ | SUP (ICDS) | New | ജനറൽ | 125000 |
| 116 | ശാരീരിക മാനസിക വെല്ലു വിളികള് നേരിടുന്ന വിദ്യാർഥികളക്ക് സകോളർഷിപ് പട്ടികവർഗം | SUP (ICDS) | New | റ്റി.എസ്സ്.പി | 200000 |
| 117 | ശാരീരിക മാനസിക വെല്ലു വിളികള് നേരിടുന്ന വിദ്യാർഥികളക്ക് സകോളർഷിപ് പട്ടികജാതി | SUP (ICDS) | New | എസ്സ്.സ്സി.പി | 200000 |
| 118 | അംഗണവാടി കലോൽസവം | SUP (ICDS) | New | ജനറൽ | 30000 |
| 119 | വയോജനങ്ങള്ക്ക് ഉപകരണങ്ങൾ നൽകൽ | SUP (ICDS) | New | ജനറൽ | 400000 |
| 120 | അതിദാരിദ്രം –മൈക്രോപ്ലാൻ | SUP (ICDS) | New | ജനറൽ | 250000 |
| 121 | അംഗനവാടികൾക്ക് വെയിംഗ് മെഷീൻ വാങ്ങൽ | SUP (ICDS) | New | ജനറൽ | 35000 |
| 122 | ബാലസൌഹൃദ പദ്ധതി –ബാലസഭ –ബാല പഞ്ചായത്ത് സംഘാ ടനം | SUP (ICDS) | New | ജനറൽ | 50000 |
| 124 | ഹോമിയോ ഡിസ്പെൻസറിയുടെ ആവർത്തന ചിലവുകൾ | MO (HOM) | New | ജനറൽ | 20000 |
| 125 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | MO (HOM) | New | ജനറൽ | 100000 |
| 126 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ | HM(GLPS) | New | ജനറൽ | 100000 |
| 127 | വിവിധ സ്കൂളുകളുടെ ആവർത്തന ചെലവ് | HM(GLPS) | New | ജനറൽ | 400000 |
| 128 | ആദിവാസി തുടർ സാക്ഷരത | HM(GLPS) | New | റ്റി.എസ്സ്.പി | 200000 |

| | | | | | |
|---|---|---|---|---|---|
| 129 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | HM(GLPS) | New | റ്റി.എസ്സ്.പി | 500000 |
| 130 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം | HM(GLPS) | New | റ്റി.എസ്സ്.പി | 250000 |
| 131 | കാട്ടേരിക്കുന്ന് പമ്പ് ഹൌസ് ടാങ്ക് നിർമാണം മോട്ടോർ സ്ഥാപിക്കൽ | AE(LSGD) | New | ജനറൽ | 250000 |
| 132 | കനകമല കുടിവെള്ള പദ്ധതി നവീകരണം | AE(LSGD) | New | ജനറൽ | 300000 |
| 133 | ഹസ്സൻകുട്ടി കുടിവെള്ള പദ്ധതി | AE(LSGD) | New | ജനറൽ | 275000 |
| 135 | പെരുങ്കോട പൈപ്പ് ലൈൻ ദീര്ഘിപ്പിക്കൽ | AE(LSGD) | New | ജനറൽ | 300000 |
| 137 | ചാത്തോത്ത് 22 കുടിവെള്ള പദ്ധതി | AE(LSGD) | New | ജനറൽ | 300000 |
| 138 | ഇ എം എസ് ഉന്നതി പൊതു കിണർ മോട്ടോർ സ്ഥാപിക്കൽ | AE(LSGD) | New | ജനറൽ | 157000 |
| 139 | ജൈവവള വിതരണം – ST കർഷകർക്ക് | AO | New | റ്റി.എസ്സ്.പി | 400000 |
| 140 | ആനോത്ത് പാപ്പാല റോഡ് ഡ്രൈയിനേജ് | AE(LSGD) | New | ജനറൽ | 450000 |
| 141 | പള്ളി റോഡ് ഡ്രൈയിനേജ് | AE(LSGD) | New | ജനറൽ | 450000 |
| 143 | മുറ്റത്തൊരു മീൻതോട്ടം | SI(FIS) | SO | ജനറൽ | 20000 |
| 144 | വിവിധ സ്കൂളുകളിലേക്ക് ഫർണ്ണിച്ചറുകൾ | HM(GLPS) | SO | ജനറൽ | 33000 |
| 145 | തുടർ സാക്ഷരതാ പ്രവർത്തനം | HM(GLPS) | SO | ജനറൽ | 150000 |
| 146 | കറവ പശു കാലിതീറ്റ വിതരണ പദ്ധതി | VETS | SO | ജനറൽ | 449600 |
| 147 | പോത്തുകുട്ടി വിതരണം – ജനറൽ | VETS | SO | ജനറൽ | 160000 |
| 148 | പെയിൻ ആൻറ് പാലിയേറ്റീവ് | MO (PHC)/(MO) CHC | SO | ജനറൽ | 123376 |
| 149 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ | MO (PHC)/(MO) CHC | SO | ജനറൽ | 19612 |
| 150 | ഹരിത കർമ്മസേന തുടർപ്രവർത്തനങ്ങൾ | VEO/LVEO | SO | ജനറൽ | 269229 |
| 151 | അത്തിമൂല അംഗൻവാടി നവീകരണം | AE(LSGD) | SO | ജനറൽ | 250000 |

| | | | | | |
|---|---|---|---|---|---|
| 152 | ഊരംകുന്ന് വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം നവീകരണം | AE(LSGD) | SO | ജനറൽ | 610000 |
| 153 | ഹെൽത് ഗ്രാന്റ് കെട്ടിട നിർമ്മാണം – സോയിൽ ടെസ്റ്റ് | AE(LSGD) | SO | ജനറൽ | 150000 |
| 154 | ആറാം മൈൽ മേൽമുറി റോഡ് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 300000 |
| 155 | ആയുർവേദ ഡിസ്പെൻസറി നവീകരണം | AE(LSGD) | SO | ജനറൽ | 1000000 |
| 156 | ഫാമിലി ഹെൽത്ത് സെന്റർ നവീകരണം | AE(LSGD) | SO | ജനറൽ | 1000000 |
| 157 | പുതിയ റോഡ് സൈഡ് ഡ്രൈനേജ് പൂർത്തീകരണം | AE(LSGD) | SO | ജനറൽ | 190000 |
| 158 | വേങ്ങാത്തോട് കോളനി ടോയിലറ്റ് | AE(LSGD) | SO | റ്റി.എസ്സ്.പി | 200000 |
| 159 | വിവിധ സ്കൂളുകളിൽ സോക്ക്പിറ്റ് നിർമ്മാണം | AE(LSGD) | SO | ജനറൽ | 450000 |
| 160 | ചാത്തോത്ത് 22 കടവത്ത് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 300000 |
| 161 | പുതിയ റോഡ് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 400000 |
| 162 | ഇടിയംവയൽ പള്ളി റോഡ് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 300000 |
| 163 | സുഗന്ധഗിരി പൊതു ടോയ് ലറ്റ് നിര്മ്മാണം | AE(LSGD) | SO | ജനറൽ | 400000 |
| 164 | വേങ്ങാത്തോട് അംഗനവാടിക്ക് അടുക്കള നിർമ്മാണം | AE(LSGD) | SO | ജനറൽ | 400000 |
| 165 | വയനാംകുന്ന് കോളനി ചുറ്റുമതിൽ നിർമ്മാണവും യാർഡ് ഇന്റർലോക്കും | AE(LSGD) | SO | റ്റി.എസ്സ്.പി | 500000 |
| 166 | ആനോത്ത് മാരിയമ്മ റോഡ് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 400000 |
| 167 | വിവിധ കോളനികളിൽ സോക്ക്പിറ്റ് നിർമ്മാണം | AE(LSGD) | SO | ജനറൽ | 600000 |
| 168 | അച്ചൂർ 45 കോളനി കുടിവെള്ള പദ്ധതി | AE(LSGD) | SO | ജനറൽ | 320000 |
| 169 | മുത്താറിക്കുന്ന് അംഗൻവാടി ചുറ്റുമതിൽ പൂർത്തീകരണം | AE(LSGD) | SO | ജനറൽ | 300000 |
| 170 | ഇടിയംവയൽ പള്ളി റോഡ് അംഗൻവാടി നവീകരണം | AE(LSGD) | SO | ജനറൽ | 300000 |

| | | | | | |
|---|---|---|---|---|---|
| 171 | ഒന്നാം യൂണിറ്റ് കൈതക്കൊല്ലി നടപ്പാത കോൺക്രീറ്റ് | AE(LSGD) | SO | റ്റി.എസ്സ്.പി | 234500 |
| 172 | പന്നിയോറ പിണങ്ങോട് യു പി സ്കൂൾ റോഡ് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 400000 |
| 173 | മുത്താറിക്കുന്ന് കെ ജി റോഡ് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 190000 |
| 174 | പഞ്ചായത്ത് ഓഫീസ് നവീകരണം | AE(LSGD) | SO | ജനറൽ | 342252 |
| 175 | ചാത്തോത്ത്–22 കൾവർട്ട് നിർമ്മാണം | AE(LSGD) | SO | ജനറൽ | 550000 |
| 176 | മുത്താരിക്കുന്ന് കോളനി ടോയിലറ്റ് | AE(LSGD) | SO | റ്റി.എസ്സ്.പി | 51331 |
| 178 | അച്ചൂർ നാലാം നമ്പർ അംഗൻവാടി ചുറ്റുമതിൽ | AE(LSGD) | SO | ജനറൽ | 400000 |
| 179 | കെ ജി റോഡ് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 362000 |
| 180 | കൃഷി ഓഫീസ് നവീകരണം | AE(LSGD) | SO | ജനറൽ | 732876 |
| 181 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ R–Track | AE(LSGD) | SO | ജനറൽ | 40000 |
| 182 | അത്തിമൂല കോളനി അഴുക്കുചാൽ നിർമ്മാണം | AE(LSGD) | SO | റ്റി.എസ്സ്.പി | 200000 |
| 183 | വലിയപാറ സ്കൂൾ നവീകരണം | AE(LSGD) | SO | ജനറൽ | 300000 |
| 184 | കറുവൻതോട് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 378000 |
| 185 | വിവിധ അംഗൻവാടികളിൽ സോക്ക്പിറ്റ് നിർമ്മാണം | AE(LSGD) | SO | ജനറൽ | 600000 |
| 186 | ഇടിയംവയൽ കമ്മ്യൂണിറ്റി ഹാൾ ചുറ്റുമതിൽ റാമ്പ് | AE(LSGD) | SO | റ്റി.എസ്സ്.പി | 400000 |
| 187 | എട്ടാം നമ്പർ കോളനി നടപ്പാത സൈഡ് സംരക്ഷണം | AE(LSGD) | SO | റ്റി.എസ്സ്.പി | 234500 |
| 188 | മൈലുംപാത്തി റോഡ് നവീകരണം | AE(LSGD) | SO | ജനറൽ | 556592 |
| 189 | ആറാം മൈൽ ടൗൺ പൊതുടോയ്ലറ്റ് നിർമ്മാണം | AE(LSGD) | SO | ജനറൽ | 400000 |
| 190 | കനകമല കുടിവെള്ള പദ്ധതി | AE(LSGD) | SO | ജനറൽ | 200000 |
| 191 | അന്തവള്ളിക്കുന്ന് ഡ്രൈനേജ് | AE(LSGD) | SO | ജനറൽ | 190000 |
| 193 | വിവിധ സ്കൂളുകളിലേക്ക് അടുക്കളപാത്രങ്ങൾ വാങ്ങൽ | HM(GLPS) | New | ജനറൽ | 262415 |

| | | | | | |
|---|---|---|---|---|---|
| 194 | പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | SEC (GP) | New | ജനറൽ | 405000 |
| 195 | വിവിധ സ്കൂളുകളിലേക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ | HM(GLPS) | New | ജനറൽ | 200000 |
| 196 | പട്ടികജാതി മിശ്രവിവാഹ ധനസഹായം | As SEC (GP) | New | എസ്സ്.സ്സി.പി | 150000 |
| 197 | അതിഥി തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ് ചികിത്സാ ക്ലിനിക്ക് | MO (PHC)/(MO) CHC | New | ജനറൽ | 50000 |
| 199 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | SUP (ICDS) | New | ജനറൽ | 400000 |
| 200 | മൈലുംപാത്തി റോഡ് നവീകരണം – പൂർത്തീകരണം | AE(LSGD) | New | ജനറൽ | 587000 |
| 201 | ആറാംമൈൽ ഗ്രൌണ്ടിനു നെറ്റ് സ്ഥാപിയ്ക്കൽ | AE(LSGD) | New | ജനറൽ | 200000 |
| 203 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | As SEC (GP) | New | എസ്സ്.സ്സി.പി | 495000 |
| 204 | പട്ടിക വർഗ്ഗ വയോജനം – കട്ടിൽ വിതരണം | As SEC (GP) | New | റ്റി.എസ്സ്.പി | 591000 |
| 205 | കുറിച്യർമല ക്യാറ്റിൽപൌണ്ട് നവീകരണം | AE(LSGD) | New | ജനറൽ | 50000 |
| 206 | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്ക് കണക്ഷൻ സ്ഥാപിയ്ക്കൽ | SEC (GP) | New | ജനറൽ | 384800 |
| 207 | ദുരന്ത നിവാരണം – പരിശീലനം ഉപകരണങ്ങൾ വാങ്ങൽ | SEC (GP) | New | ജനറൽ | 100000 |
| 209 | അത്തിമൂല വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം – വൈദ്യുതീകരണം | SEC (GP) | New | ജനറൽ | 50000 |
| 213 | വ്യക്തിഗത ശൌചാലയ നിർമ്മാണം | VEO/LVEO | New | ജനറൽ | 432000 |
| 214 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | MO (PHC)/(MO) CHC | SO | ജനറൽ | 527000 |
| 215 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ | MO (PHC)/(MO) CHC | SO | ജനറൽ | 547000 |
| 216 | പെരിങ്കോട സബ് സെന്റർ കെട്ടിട നിർമാണം | AE(LSGD) | New | ജനറൽ | 2775000 |

| | | | | | |
|---|---|---|---|---|---|
| 218 | പുതിയ റോഡ് തോട് സൈഡ് സംരക്ഷണം | AE(LSGD) | New | ജനറൽ | 350000 |
| 219 | മുറ്റത്തൊരു മീൻ തോട്ടം - പട്ടിക ജാതി വിഭാഗം | SI(FIS) | New | എസ്സ്.സ്സി.പി | 40000 |
| 222 | ജിഎൽ പി സ്കൂൾ കുടിവെള്ള പദ്ധതി | AE(LSGD) | New | ജനറൽ | 300000 |
| 224 | മുറ്റത്തൊരു മീൻ തോട്ടം - പട്ടിക വർഗ്ഗ വിഭാഗം | SI(FIS) | New | റ്റി.എസ്സ്.പി | 80000 |
| 225 | ലൈഫ് ഫേസ് 1 തുക നൽകൽ - പട്ടിക വർഗ്ഗം | As SEC (GP) | New | റ്റി.എസ്സ്.പി | 195000 |
| 227 | മട്ടുപ്പാവിലെ പച്ചക്കറി കൃഷി | AO | New | ജനറൽ | 1105661 |
| 229 | ക്ഷയരോഗികൾക്ക് കിറ്റ് വിതരണം | As SEC (GP) | New | ജനറൽ | 18000 |
| 230 | പൊതു സ്ഥലങ്ങളിൽ ബിന്നുകൾ സ്ഥാപിക്കൽ | As SEC (GP) | New | ജനറൽ | 100000 |
| 231 | മിനി എംസിഎഫ് നിർമ്മാണം | AE(LSGD) | New | ജനറൽ | 379789 |
| 232 | പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും സോക്പിറ്റ് നിർമ്മാണം | AE(LSGD) | New | ജനറൽ | 307576 |
| 233 | ഹെൽത് ഗ്രാന്റ് സബ് സെന്റർ നിർമ്മാണം - തുക എൻഎച്ച്എം ന കൈമാറൽ | SEC (GP) | New | ജനറൽ | 5550000 |
| 234 | ഐസിഡിഎസ് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ | SUP (ICDS) | New | ജനറൽ | 25000 |
| 236 | അമ്മാറ മേലേ ഉന്നതി സൈഡ് സംരക്ഷണം | AE(LSGD) | New | റ്റി.എസ്സ്.പി | 304000 |
| 238 | പട്ടിശ്ശേരി റോഡ് നവീകരണം | AE(LSGD) | New | ജനറൽ | 1050000 |
| 239 | ഹോമിയോ ഹോസ്പിറ്റലിലേക്ക് ലാപ്ടോപ് വാങ്ങൽ | MO (HOM) | New | ജനറൽ | 50000 |
| 240 | മുത്താറിക്കുന്ന് ഉന്നതി റോഡ് സൈഡ് സംരക്ഷണം | AE(LSGD) | New | റ്റി.എസ്സ്.പി | 350000 |
| 241 | മരവയൽ ഉന്നതി കിണറിൽ മോട്ടോർ ടാങ്ക് പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കൽ | AE(LSGD) | New | റ്റി.എസ്സ്.പി | 100000 |
| 242 | കുവപ്പാളി റോഡ് സൈഡ് സംരക്ഷണം | AE(LSGD) | New | റ്റി.എസ്സ്.പി | 200000 |
| 243 | അച്ചൂർ 45 കുടിവെള്ള പദ്ധതി പൂർത്തീകരണം | SEC (GP) | New | ജനറൽ | 200000 |

| | | | | | |
|---|---|---|---|---|---|
| 244 | ആനോത്ത് അംബേദ്കർ നഗർ റോഡ് കോൺക്രീറ്റ് പൂർത്തീകരണം | AE(LSGD) | New | എസ്സ്.സ്സി.പി | 400000 |
| 245 | ആനോത്ത് സിഎച്ച് മമ്മി റോഡ് കോൺക്രീറ്റ് | AE(LSGD) | New | ജനറൽ | 300000 |
| 246 | എംസിഎഫിനു നെറ്റ് സ്ഥാപിയ്ക്കൽ | AE(LSGD) | New | ജനറൽ | 100000 |
| 247 | വികസന സദസ്സ് | SEC (GP) | New | ജനറൽ | 158820 |
| 248 | കല്ലൂർ റോഡ് ഡ്രൈനേജ് | AE(LSGD) | New | ജനറൽ | 450000 |
| 249 | വിജ്ഞാന കേരളം | SEC (GP) | New | ജനറൽ | 500000 |
| 250 | കാട്ടേരി സനൽകുമാർ റോഡ് കോൺക്രീറ്റ് | AE(LSGD) | New | ജനറൽ | 300000 |
| 252 | അഞ്ചാം നമ്പർ ഉന്നതി നടപ്പാത കോൺക്രീറ്റ് | AE(LSGD) | New | റ്റി.എസ്സ്.പി | 200000 |
| 253 | പാറക്കുന്ന് കുടിവെള്ള പദ്ധതി | AE(LSGD) | New | ജനറൽ | 800000 |
| 254 | വിവിധ സ്കൂളുകളിൽ കിണർ മോട്ടോർ ടാങ്ക് പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ | AE(LSGD) | New | ജനറൽ | 1190507 |
| 255 | കാട്ടേരിക്കുന്ന് റോഡ് നവീകരണം | AE(LSGD) | New | എസ്സ്.സ്സി.പി | 250000 |
| 256 | വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് – ഇക്കോ സെൻസ് | HM(GLPS) | New | ജനറൽ | 50000 |
| 257 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഒരുക്കൽ | MO (PHC)/(MO) CHC | New | ജനറൽ | 200000 |
| 258 | ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | MO (PHC)/(MO) CHC | New | ജനറൽ | 155000 |
| 259 | വലിയപാറ സബ്സെൻറർ നവീകരണം | AE(LSGD) | New | ജനറൽ | 200000 |
| 260 | അത്തിമൂല സബ്സെൻറർ നവീകരണം | AE(LSGD) | New | ജനറൽ | 400000 |
| 261 | മുത്താറിക്കുന്ന് കുടിവെള്ള പദ്ധതി | AE(LSGD) | New | ജനറൽ | 800000 |
| 262 | ഐഎസ്ഒ തുടർ പ്രവർത്തനങ്ങൾ | SEC (GP) | New | ജനറൽ | 50000 |
| 263 | വിവിധ അംഗൻവാടികളിലേക്ക് ഫർണിച്ചർ വാങ്ങൽ | SUP (ICDS) | New | ജനറൽ | 200000 |

| | | | | | |
|---|---|---|---|---|---|
| 264 | പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ | SEC (GP) | New | ജനറൽ | 135000 |
| 265 | പെരിങ്ങോട സബ് സെൻററർ നിർമാണം പൂർത്തീകരണം | AE(LSGD) | New | ജനറൽ | 2775000 |
| 266 | പഞ്ചായത്ത് ഓഫീസിലേക്ക് ഇന്ററാക്ടീവ് പാനൽ വാങ്ങൽ | SEC (GP) | New | ജനറൽ | 240000 |
| 267 | പഞ്ചായത്ത് ഓഫീസിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ | SEC (GP) | New | ജനറൽ | 70000 |

## അദ്ധ്യായം 2

## നടപ്പ വാർഷിക പദ്ധതി അവലോകനം

മണ്ണ്, ജലം, മനുഷ്യാധ്വാനം എന്നീ വികസന ഘടകങ്ങളുടെ വികസനം, പരിപാലനം ഉപയോഗം എന്നിവ കുറ്റമറ്റ രീതിയിൽ നിറവേറ്റി ക്കൊണ്ട്സ്ഥായിയായ വികസനം സാധ്യമാക്കുക എന്നലക്ഷ്യത്തിലൂന്നി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിതകേരളം, ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണം എന്നീ വികസന ദൌത്യങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് വിഭാവനം ചെയ്തിട്ടുള്ളത്.

1. കേരളീയ ജീവിതത്തിന്റെ അനിഷേധ്യ ഘടകമായി പ്രാദേശിക സർക്കാർ മാറിയിട്ടുണ്ട് എന്നതിൽ തർക്കമില്ല. പ്രത്യക്ഷമായോ, പരോക്ഷമായോ ഓരോ വ്യക്തിയുടേയും ജീവിതത്തിൽ അതിൻറെ സാനിദ്ധ്യം പ്രകടമാണ്. മുൻ പദ്ധതികളുടെ കൃത്യമായ വിശകലനത്തിലൂടെയാണ് 14ാംപഞ്ചവൽസര പദ്ധതിയുടെ അഞ്ചാം വാർഷിക പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

2. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതവും ഉത്പന്നങ്ങളുടെ വിലയിടിവും പാരിസ്ഥിക സന്തുലിതാവസ്ഥയെ തകിടം മറിക്കുന്ന രീതിയിലുള്ള ഭൂഇടപാടുകളും കൊടിയ വരൾച്ചയും കാലവർഷക്കെടുതിയും അനുഭവിക്കുന്ന ഒരു കാലഘട്ടത്തിലാണ് ആസൂത്രണം നടക്കുന്നത് എന്നതും വിവിധ മേഖലകളിലെ കേരളസമൂഹത്തിന്റെ പിന്നോട്ടടി അവസാനിപ്പിച്ച് കേരള വികസന മാതൃകയുടെ രണ്ടാം തലമുറപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ നവകേരളമിഷൻ ഏറ്റെടുത്തിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. വർദ്ധിച്ച നഗരവൽക്കരണതോതും പാരിസ്ഥിക പ്രത്യാഘാതങ്ങളും ഏറ്റവുംകൂടുതൽ നേരിടുന്ന പഞ്ചായത്താണ് നമ്മുടേത്എന്നതു കൊണ്ട്ത ന്നെ മണ്ണ്–ജല സംരക്ഷണ പദ്ധതികൾക്ക് പ്രത്യേകം ഊന്നൽ നൽകേണ്ടതുണ്ട്. പരിസ്ഥിതി സംതുലിതാവസ്ഥയുടെ കാര്യക്ഷമമായ സൂക്ഷിപ്പിനും പരിപാലനത്തിനും അനുയോജ്യമായിരുന്ന നമ്മുടെ കൃഷിരീതികൾക്ക് പ്രഥമപരിഗണന നൽകി കൊണ്ട് ഈ മേഖലയിൽ സുസ്ഥിരവികസനവും ഉത്പാദന മികവും സാധ്യമാക്കുക എന്ന ലക്ഷ്യത്തിലൂന്നിയാണ് പദ്ധതികൾ വിഭാവനംചെയ്തിരിക്കുന്നത്.

3. കാർഷികോൽപന്നങ്ങളുടെ വിലയിടിവും കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള ഉൽപാദനമുരടിപ്പും അനുഭവിക്കുന്ന കർഷകനെ ഏറെ സഹായിച്ചത് ക്ഷീരമേഖലയാണ് എന്ന കാര്യം വിസ്മരിച്ചു കൂടാ. ഗ്രാമപഞ്ചായത്തിൽ ധാരാളം പേർ മൃഗ സംരക്ഷണത്തിൽ നിന്നും

ഉപജീവനത്തിന് കണ്ടെത്തുന്നുണ്ട്. ഉത്പാദന പാരിസ്ഥിതിക മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമിടുമ്പോൾ ക്ഷീര കർഷകർക്ക് അർഹമായ സ്ഥാനം നൽകേണ്ടതുണ്ട്. ക്ഷീര മേഖല ഉപജീവനമായി തിരഞ്ഞെടുത്തിരിക്കുന്ന കർഷകരുടെ സമഗ്രവികസനത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നടപ്സാമ്പത്തികവർഷം സാധിച്ചിട്ടുണ്ട്.

4.ഏതൊരു ഗ്രാമപഞ്ചായത്തിന്റയും പ്രാദേശിക സാമ്പത്തിക വികസനം സമൂഹത്തിലെ താഴെതട്ടിൽ ജീവിക്കുന്ന ആളുകളുടെ ക്രയ ശേഷിയെ ആശ്രയിച്ചായിരിക്കും. അവരുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിൽ ചെറുകിട വ്യവസായങ്ങളുടെ വികസനം അനിവാര്യമാണ്. ഓരോ ഗ്രാമപഞ്ചായത്ത് തലത്തിലും വ്യവസായ വകുപ്പിന്റെ ഒരു ഉദ്യോഗസ്ഥനെ ഇന്റേൺ ആയി നൽകി എന്നത് ഏറെ എടുത്തു പറയേണ്ട കാര്യം തന്നെയാണ്. അതുവഴി പഞ്ചായത്തിലെ സംരംഭകർക്കും, സംരംഭം തുടങ്ങാൻ ആഗ്രഹിയ്ക്കുന്നവർക്കും കൃത്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും വേഗത്തിൽ അനുമതികൾ നേടിയെടുക്കാനും സാധിയ്ക്കുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്, കെ സ്വിഫ്റ്റ് തുടങ്ങിയ പേപ്പർ ക്ലിയറൻസ് എന്നതിലൂടെ കാര്യങ്ങൾ എളുപ്പത്തിലാക്കുന്നു. ആയത് കൊണ്ട് തന്നെ പഞ്ചായത്ത് വ്യവസായ യൂണിര്റ്ുകൾ വർദ്ധിയ്ക്കുകയും, സംസ്ഥാനതലത്തിൽ തന്നെ മികച്ച സംരംഭക യൂണിറ്റുകളിലൊന്നായി മാരാനും സാധിച്ചിട്ടുണ്ട്. 2026–27 പദ്ധതി വർഷത്തിൽ ഈ മേഖയലുടെ വികസനത്തിന് ഉതകുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകാൻ ഭരണ സമിതി ജാഗ്രത കാണിച്ചിട്ടുണ്ട്.

5. പൊഴുതന ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന പ്രശ്നം ഭവനം തന്നെയാണ്. എല്ലാവർക്കും അടച്ചുറപ്പുള്ളതും സുരക്ഷിതവുമായ ഭവനം എന്ന ലക്ഷ്യം കൈവരിയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച “ ലൈഫ് ഭവന പദ്ധതി” യിലൂടെയും സംസ്ഥാന സർക്കാറിന്റെ മറ്റ് ഭവന പദ്ധതികളിലൂടെയും 700 ലധികം ഭവനങ്ങൾ നൽകുവാൻ നമുക്ക് സാധിച്ചു. 2026–27 പദ്ധതിയിൽ 150ലധികം ആളുകൾക്ക് ഭവനം നൽകുന്നതിന് തുക വകയിരുത്തി തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇരുന്നൂറോളം വരുന്നവർക്ക് തുടർന്ന് വരുന്ന പദ്ധതിയിൽ ആവശ്യമായ തുക വകയിരുത്താൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിയ്ക്കും.

6. പഞ്ചായത്തിന്റെ കീഴിൽ ഭിന്നശേഷി ഉള്ളവർ, മാനസിക വെല്ലുവിളി നേരിടുന്നവർക്കായി “ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ” പ്രവർത്തിച്ചു വരുന്നു. ഇങ്ങനെയുള്ളവർക്കായി പ്രൈവറ്റ് സ്ഥാപനമായ “ലൌഷോർ” സ്പെഷൽ സ്കൂളും പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നു. ഇവർക്കാവശ്യമായ സ്കോളർഷിപ്പ് സംവിധാനം ഇവരുടെ കുടുംബങ്ങൾക്ക് സഹായമാകുന്ന വിധത്തിലൂടെ സ്വയം തൊഴിൽ വായ്പാ സഹായങ്ങൾ, സഹായ ഉപകരണങ്ങൾ തുടങ്ങിയവടെല്ലാം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു. വയോജന സൌഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിയ്ക്കുന്നതിനായി വയോജന ഗ്രാമസഭയിലൂടെ ഉന്നയിക്കപ്പെട്ട പദ്ധതികൾക്ക് മുൻതൂക്കം നൽകി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഗ്രാമപഞ്ചായത്തിൽ 34 അംഗൻവാടികൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഇതിൽ മിക്കതിനും അടിസ്ഥാന സൌകര്യങ്ങൾ ഇല്ലാത്തവയായിരുന്നു. എന്നാൽ ശേഖരിയ്ക്കാവുന്ന ഫണ്ടുകളെല്ലാം കണ്ടെത്തി 4 അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളും, നാലിലധികം അംഗൻവാടികൾക്ക് നല്ല കെട്ടിടവും ലഭ്യമാകുവാൻ സാധിച്ചു.

7. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കും സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനും കുടുംബ വരുമാനം വർദ്ധിപ്പിയ്ക്കുന്നതിനും കഴിഞ്ഞ കാലങ്ങളിലെ പദ്ധതികൾ ഉപകാരപ്രദമായിട്ടുണ്ടെങ്കിലുംപ്രശ്നങ്ങളെ പൂർമ്ണമായും പരിഹരിയ്ക്കുന്നതിന് നമുക്ക് സാധിയ്ക്കുന്നില്ല് എന്നതാണ് യാഥാർത്ഥ്യം. വനിതാ ഘടക പദ്ധതികളിൽ സ്ത്രീകളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം, വികസനം എന്നിവ ഉറപ്പു വരുത്തുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. തുടർത്തയെന്നോമം വനിതകൾക്ക് ഫിറ്റനെസ്സ് സെന്റർ, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പ് എന്നീ പദ്ധതികൾ വരുന്ന വർഷങ്ങളിൽ ഉൾപ്പെടുത്താനും ഭരണ സമിതി തയ്യാറെടുക്കുന്നു.

8. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ സമഗ്ര ഉന്നമനത്തിനും സാമൂഹികവും സാമ്പത്തികവുമായ വളർച്ചയും ലക്ഷ്യമാക്കി സർക്കാറിൻറെ വിവിധ പദ്ധതികൾ നടന്നുവരുന്നു. അതോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തി സ്കോളർഷിപ്പുകൾ , ഭവന നിർമ്മാമ പദ്ധതികൾ, പട്ടിക വർഗ്ഗ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, പഠനോപകരണങ്ങളുടെ വിതരണം, ഉന്നതികളിലെ അടിസ്ഥാന സൌകര്യ വികസനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. വിവിധ സാക്ഷരതാ പദ്ധതികളിൽ പട്ടിക വർഗ്ഗക്കാരിലെ ഏറ്റവും പ്രായം കൂടിയ

ആൾ പൊഴുതന ഗ്രാമപഞ്ചായത്തിൽ നിന്നായിരുന്നു എന്നത് വളരെ അഭിമാനകരമാണ്.

10. ആരോഗ്യമുള്ള ഒരു സമൂഹമാണ് ഒരു നാടിൻറെ സമ്പത്ത്. ആരോഗ്യമേഖലയിൽ ഗണ്യമായ നേട്ടങ്ങൾ കൊയ്യുവാൻ കഴിഞ്ഞ കാല പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്. ഏറ്റവും മനോഹരമായ എല്ലാ വിധ സൌകര്യങ്ങളും ഉള്ള ഒരു കെട്ടിട സമുച്ചയം വരുകയും പ്രാഥമികാരോഗ്യ ക്ന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി മാറിയതും വഴി ജനങ്ങൾക്ക് നല്ല രീതിയിൽ സേവനങ്ങൾ നൽകാൻ സാധിയ്ക്കുന്നു. ആയതിനാൽ തന്നെ NQAS പോലുള്ള ദേശീയ അംഗീകാരങ്ങൾക്ക് വേണ്ടി പ്രവർത്തിയ്ക്കാൻ നമുക്ക് സാധിച്ചു.

11. വർദ്ധിച്ച അടിസ്ഥാന സൗകര്യ വികസന മേഖലയിൽ കുടിവെള്ള ശൃംഖലയിലുണ്ടായ വിപുലീകരണം, ജനകീയാസൂത്രണകാലഘട്ടത്തിൽ പദ്ധതി പ്രവർത്തനത്തിൽ നിന്നും അകന്നു നിന്ന മധ്യ-ഉപരിവർഗ്ഗത്തിൽപെട്ടവർക്കും ഉപകാരപ്രദമായിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അവയുടെ വിതരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കാണ്. നമ്മൾ ഇതുവരെ ഊന്നൽ നൽകിയിട്ടുള്ളത്. എന്നാൽ നഗരവൽക്കരണ തോതും പാരിസ്ഥിക പ്രത്യാഘാതങ്ങളും ഏറ്റവും കൂടുതൽ നേരിടുന്ന പഞ്ചായത്താണ് നമ്മുടേത് എന്നതു കൊണ്ട്തന്നെ മണ്ണ്-ജലസംരക്ഷണ പദ്ധതികൾക്ക് പ്രത്യേകം ഊന്നൽ നൽകേണ്ടതുണ്ട്. ഇത്തരംപദ്ധതികൾ ഏറ്റെടുക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിൽ ജല സമൃദ്ധി ലക്ഷ്യമിടുന്നു.

12. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൌകര്യങ്ങൾ നല്ലരീതിയിൽ മെച്ചപ്പെടുത്തുന്നതിന് മുൻകാലപദ്ധതികളിലൂടെ നമുക്ക് സാധിച്ചിട്ടുണ്ട്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വെല്ലുന്ന വിധത്തിലുള്ള ഹൈടെക് ക്ലാസ് മുറികളും ഡിജിറ്റൽ സംവിധാനങ്ങളും കാലത്തിനനുസരിച്ച് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറിക്കഴിഞ്ഞു എന്നത് അഭിമാനകരമാണ്. പൊഴുതന പഞ്ചായത്തിലെ ഏഴ് സ്കൂളുകളും അത്തരത്തിൽ മാറിക്കഴിഞ്ഞു. 2018 പ്രളയത്തിൽ തകർന്ന കുറിച്യർ മല സ്കൂളിന് പുതിയ സ്ഥലം 2026-27 വർഷത്തിൽ സർക്കാർ ധനസഹായത്തോടെ ഏറ്റെടുക്കാൻ നമുക്ക് സാധിച്ചു. കെട്ടിട നിർമ്മാണത്തിൻറെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 34 അംഗനവാടികളിൽ മിക്കതും സ്മാർട്ട് അംഗൻവാടികളായി . പുതിയ

കെട്ടിടം ലഭ്യമായി. ശേഷിക്കുന്നവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. എല്ലാ വിദ്യാഭ്യാസക സ്ഥാപനങ്ങളും പാഠ്യ മികവിനൊപ്പം കലാ കായികം, കൃഷി എന്നിവയിൽ കുട്ടികൾക്കുള്ള അഭിരുചി കൂടി മനസ്സിലാക്കി പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ഏറ്റെടുക്കുന്നു. ആയതിന്റെ ഫലമായി മികച്ച കുട്ടികൃഷി സ്കൂളുകൾ ജില്ലയിൽ തന്നെ മികച്ചത് നമ്മുടെ പഞ്ചായത്തിലാണ്. കൂടാതെ ജില്ലാ കലാകായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനമടക്കം നിരവധി നേട്ടങ്ങൾ കൊയ്യാൻ നമ്മുടെ കുട്ടികൾക്കു സാധിച്ചു എന്നത് എടുത്തു പറയേണ്ടതാണ്.

ഇതോടൊപ്പം തന്നെ ചർച്ച ചെയ്യേണ്ട മറ്റൊരു പ്രധാന പ്രശ്നം കൂടെ ഇന്നത്തെ വിദ്യാഭ്യാസ സമൂഹവും നമ്മളെല്ലാവരും ശ്രദ്ധിയ്ക്കേണ്ടതുണ്ട്. കുട്ടികളിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും സ്വഭാവ വൈകൃതവും ഇല്ലാതാക്കുന്നതിന് ചെറിയ ക്ലാസുകളിൽ നിന്നും തന്നെ കൃത്യമായ അവബോധം സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം കരുത്തുറ്റ യുവത്വത്തെ നമുക്ക് നഷ്ടമാകും . അതിനായുള്ള പ്രവർത്തനങ്ങൾക്ക് ഭരണ സമിതി പ്രത്യേക ശ്രദ്ധ നൽകുന്നു. തുടർന്നും പ്രവർത്തനങ്ങളേറ്റെടുക്കാൻ പരിശ്രമിയ്ക്കുന്നതാണ്.

13. ഏത് ഒറ്റപ്പെട്ട പ്രദേശത്തേക്കും വളർന്നിരിയ്ക്കുന്ന റോഡ് ശൃംഖല അടിസ്ഥാന വികസനത്തിന്റെ അളവുകോലായി പരിഗണിയ്ക്കാം. ലബ്യമാകുന്ന റോഡ് ഫണ്ട് മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി എന്നിവ കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും വഭ്യമായ വിവിധ ഫണ്ടുകൾ ചേർന്ന് പൊഴുതന ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രധാനപ്പെട്ട റോഡുകളും ആധുനിക രീതിയിൽ നവീകരിച്ചു ഗതാഗത യോഗ്യമാക്കി എന്നതിൽ അഭിമാനം. ശേഷിയ്ക്കുന്നവയ്ക്കായി 2026–27 പദ്ധതിയിലും തുക ആവശ്യാനുസരണം നീക്കി വച്ചിട്ടുണ്ട്. ലഭ്യമായ വികസന ഫണ്ട് നഷ്ടമാവാതെ പരമാവധി വികസനത്തിനു സാധിച്ചു എന്നത് ഗ്രാമപഞ്ചായത്തിനു അഭിമാനത്തോടെ ഓർക്കാവുന്നതാണ്.

## അദ്ധ്യായം 3

## പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

### കാർഷിക മേഖല

1. കേരളത്തിൽ വികസനത്തിൻറെ ഭാഗമായ സർവ്വീസ് മേഖലയുടെ വളർച്ച മൂലം കാർഷികോല്പാദനോപാധിയായ ഭൂമിയുടെ ഉടമസ്ഥരായിരുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ സേവനമേഖലാ തൊഴിലുകളിൽ എത്തപ്പെട്ടു. എന്നാൽ സർക്കാർ ജോലി ലഭ്യമായ ശേഷവും ഇവർ കൃഷിഭൂമിയുടെ ഉടമകളായി തുടർന്നു. ചുരുക്കി പറഞ്ഞാൽ കൃഷിയിൽ മുൻഗ ണനാതാല്പ്പര്യം ഇല്ലാത്തവരുടെ കയ്യിൽ ഭൂ ഉടമസ്ഥത നിലനിന്നു.

2. ഗവൺമെൻറ് തലത്തിൽ നൽകിയിരുന്ന പ്രത്യേക കാർഷിക സംരക്ഷണങ്ങൾ ഇല്ലാതെയായി. കാർഷിക വൃത്തി നഷ്ടപ്പണിയായതിനാൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം ക്രമേണ കുറഞ്ഞു വന്നു.

3. വർദ്ധിച്ച് വന്ന ഗൾഫ് പണത്തിൻറെ ഒഴുക്ക് ഭൂമിയെ ഒരു ഊഹക്കച്ചവട വസ്തുവാക്കി. ഭൂ ഉടമസ്ഥതയിൽ ഇതുമൂലം ഉണ്ടായ മാറ്റം കൃഷി ഭൂമിയെ കൃഷിയിൽ താല്പ്പര്യമില്ലാത്ത ഒരു വിഭാഗം ആളുകളുടെ കയ്യിൽ എത്തിച്ചു.

4. കേരളത്തിലെ കൃഷിയെ ബാധിക്കുന്ന രണ്ടാമത്തെ മുഖ്യപ്രശ്നം ഉത്പാദനബന്ധങ്ങളുമായി, കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, ഭൂബന്ധങ്ങളുമായി ബന്ധപ്പെട്ടതാണ്. ഭൂമിയില്ലാതെ കൃഷിയെക്കുറിച്ച് ആലോചിക്കുക അസാധ്യമാണ്. ഉത്പാദനോപാധി എന്ന നിലയിൽ ഭൂമിയ്ക്ക് കൃഷിയിൽ കേന്ദ്രസ്ഥാനമാണുള്ളത്. പക്ഷെ, നിർഭാഗ്യകരമെന്നു പറയട്ടെ, കേരളത്തിലെ യഥാർത്ഥ കൃഷിക്കാർക്ക് ഭൂമി അന്യമായിക്കൊണ്ടിരിക്കുകയാണ്. കൃഷിചെയ്യാൻ താല്പര്യമുള്ളവർക്ക് കൃഷിഭൂമി ലഭ്യമല്ല എന്നതാണ് സ്ഥിതി.

5. കാർഷിക തകർച്ചയുടെ ഫലമായി ഒട്ടേറെ കൃഷിക്കാർക്കുള്ള അവരുടെ ജീവനോപാധിയായ ഭൂമിയേയും, കന്നുകാലികളേയും വിറ്റൊഴിയേണ്ടതായി വന്നു. കുറേപ്പേർ ഭൂരഹിതരായി. മറ്റു കുറേപ്പേർക്കും കൈവശഭൂമിയുടെ അളവു ഗണ്യമായി കുറഞ്ഞു. ജനസംഖ്യാ വർദ്ധനവും,

കുടുംബങ്ങളുടെ വിഭജനവും, ഭാഗംവെയ്ക്കലും കൃഷിക്കാരുടെ ശരാശരി ഭൂലഭ്യത കുറയാൻ കാരണമായിട്ടുണ്ട്. ഇതിനെല്ലാം പുറമേയാണ് കൃഷിഭൂമി കാർഷിഭകേതര ആവശ്യങ്ങള്ക്കായി മാറ്റപ്പെടുന്നതിൻറെ പ്രശ്നം.

6. പുറംവരുമാനത്തിൻറെ പ്രഭാവം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഒരു സമ്പദ്ഘടനയാണ് കേരളത്തിൻറേത്. വിദേശത്തുനിന്നും ഒഴുകിയെത്തുന്ന പണം കേരളത്തിലെ ഭൂവിലകൾ ക്രമമായി ഉയരാൻ കാരണമായിട്ടുണ്ട്. ഭൂമിയുടെ വില ഇപ്രകാരം ഉയരുന്നത് ഭൂമിയെ ഒരു ആസ്തിയായി മാറ്റിയിരിക്കുന്നു. സ്വർണം, ബാങ്കുനിക്ഷേപം, ഓഹരികൾ തുടങ്ങിയവയെപ്പോലെ സമ്പാദ്യം സൂക്ഷിക്കാൻ പറ്റിയ ഒരു ആസ്തിയായി ഭൂമി മാറിയിരിക്കുകയാണ്. ഭൂമിയുടെ ഈ വിലക്കയറ്റം കൃഷിക്കാരല്ലാത്തവരെ കൃഷിഭൂമി വാങ്ങാൻ പ്രേരിപ്പിക്കുന്നു. പക്ഷെ, ഇക്കൂട്ടർക്ക് അവർ സ്വന്തമാക്കുന്ന ഭൂമിയിൽ കൃഷിചെയ്യാൻ വലിയ താല്പര്യമൊന്നുമില്ല. ഭൂമി തരിശിടുന്ന പ്രവണത കേരളത്തിൽ വ്യാപകമാകാനുള്ള കാരണം ഇതാണ്.

7. കൃഷിഭൂമി തരിശിടുന്നതിനും, കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനും എതിരായ നിയമനിർമ്മാണം ആവശ്യമാണ്. നെൽ വയലുകൾ നികത്തുന്നതിനെതിരെ കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ നിയമം അവതരിപ്പിക്കേണ്ടതിൻറെ പശ്ചാത്തലം ഇതാണ്. തരിശിടുന്ന ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള നീക്കവും സംസ്ഥാന സർക്കാരിൻറെ ഭാഗത്തുനിന്നും ഉണ്ടാവുന്നു എന്നതും ഇവിടെ പ്രസക്തമാണ്. ഭൂമിയുടെ തുണ്ടുവല്ക്കരണവും, കൈവശമുള്ള കൃഷിഭൂമിയുടെ അളവിൻറെ പരിമിതിയും കൃഷിയെ അനാകർഷകവും, അസാധ്യവും ആക്കിത്തീർക്കുന്നുണ്ട്. തങ്ങളുടെ കൈവശമുള്ള പരിമിതമായ ഭൂമിയിലെ കൃഷികൊണ്ടു കൃഷിക്കാർക്ക് കുടുംബം പുലർത്താൻ കഴിയാത്ത സ്ഥിതിയും വരുന്നു. ഇതിനു പരിഹാരം എന്ന നിലയിൽ കൃഷിക്കാരുടെ വിവിധ തരത്തിലുള്ള കൂട്ടായ്മകളേയും അതിൻറെ അടിസ്ഥാനത്തിലുള്ള കൃഷിയേയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അനുബന്ധ വരുമാനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളും പ്രേത്സാഹിപ്പിക്കേണ്ടതുണ്ട്. ഉദാഹരണത്തിനു നെൽക്കൃഷിയോടൊപ്പം കന്നുകാലിവളർത്തലും കോഴി വളർത്തലും മത്സ്യകൃഷിയും മറ്റും പ്രോത്സാഹിപ്പിക്കണം. ഇത്തരത്തിലുള്ള സംയോജിത കൃഷിത്തോട്ടങ്ങളേയും, കൃഷിരീതികളേയും സഹായിക്കുന്ന സമീപനമാണ് പഞ്ചവൽസര പദ്ധതികളിൽ ആവിഷ്ക്കരിക്കേണ്ടത്.

## നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. നെൽപ്പാടം തരിശ്ശിടുന്നതും വാഴക്കൃഷിക്ക് ഉപയോഗിക്കുന്നതുമായ പ്രവർത്തനങ്ങൾ
2. നെൽക്കൃഷിയിലെ ഉൽപ്പാദനക്ഷമതക്കുറവ്
3. നാണ്യവിളകളുടെ ഉൽപ്പാദനക്ഷമതക്കുറവ്
4. പച്ചക്കറിക്കൃഷിയിൽ സ്വയം പര്യാപ്തത നേടുന്നതിന് സാധിക്കുന്നില്ല

## പ്രശ്ന പരിഹാര സാധ്യതകൾ

1. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. കുളങ്ങൾ,തോടുകൾ,നീർച്ചാലുകൾ,ഉറവകൾ എന്നിവ സംരക്ഷിക്കുക, തോടുകളിൽ തടയണ നിർമ്മിക്കുക, തോടുകളുടെ പാർശ്വഭിത്തികൾ സംരക്ഷിക്കുക

2. നാണ്യ വിളകളുടെ ഉൽപ്പാദന വർദ്ധനവിന് ആവശ്യമായ സാധനസാമഗ്രികൾ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഏറ്റവും ചുരുങ്ങിയ വിലക്ക് കർഷകർക്ക് ലഭ്യമാക്കുക

3. തരിശായിക്കിടക്കുന്ന, നെൽക്കൃഷി നടത്താൻ സാധിക്കുന്ന പാടങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ നൽകി നെൽകൃഷി പ്രോൽസാഹിപ്പിക്കുക. കൃഷി വകുപ്പ് മുഖേന മുന്തിയ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക

4. ജൈവ പച്ചക്കറി രംഗത്ത് കുതിപ്പേകുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, കർഷക സംഘങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ഏകോപനം സാധ്യമാക്കണം.

## മൃഗസംരക്ഷണ മേഖല

1. വികസ്വരരാജ്യമായ ഇന്ത്യയിൽ കൃഷിയുടെ അനുബന്ധഘടകമെന്ന നിലയിൽ മൃഗസംരക്ഷണമേഖല കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലയളവിൽ വൻ വളർച്ചാ നിരക്ക് കൈവരിച്ചിട്ടുണ്ട്. കോഴിവളർത്തലിലും കന്നുകാലി വളർത്തലിലുമാണ് ഈ മാറ്റം ഏറെ പ്രകടം. ഗ്രാമീണമേഖലയിൽ 70%പേരും അധികവരുമാനത്തിനായി മൃഗസംരക്ഷണ മേഖലയെ ആശ്രയിക്കുന്നു. ഇവരിൽ സ്ത്രീ പങ്കാളിത്തം 90%മാനത്തിൽ അധികമാണ്. എന്നാൽ ദേശീയ തലത്തിൽ മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെ എണ്ണം 4.88%ൽ നിന്ന് 2.9%മായി

കുറയുന്നുവെന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. വികസിതരാജ്യങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ മൃഗസംരക്ഷണരീതി വളരെ വ്യത്യസ്തമാണ്. വികസിത രാജ്യങ്ങളിൽ വൻകിടഫാമുകളിലാണ് കന്നുകാലികളെ വളർത്തുന്നത്. ഇന്ത്യയിലാകട്ടെ, ഭൂരിഭാഗവും ചെറുകിട, നാമമാത്ര കർഷകരാണ് ഈ രംഗത്തു പ്രവർത്തിക്കുന്നത്.

2. കാലാനുസൃതമായ വളർച്ചയെന്നോണം ഇന്ന് മൃഗസംരക്ഷണമേഖലയിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള മാറ്റം കണ്ടു തുടങ്ങിയിട്ടുണ്ട്. വികസിതരാജ്യങ്ങളെ അപേക്ഷിച്ച് പാലുല്പാദനച്ചെലവ് കുറഞ്ഞ രാജ്യമാണ് ഇന്ത്യ. എന്നാൽ ഇന്ത്യയിൽ സബ്സിഡി നിർത്തലാക്കിയതും, വികസിതരാജ്യങ്ങളെ അപേക്ഷിച്ച് ഉത്പാദനച്ചെലവ് കൂട്ടാൻ ഇടവരുത്തിയിട്ടുണ്ട്. ഇതുമൂലം അന്താരാഷ്ട്ര വിപണിയിൽ വികസ്വര രാജ്യങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് പ്രാമുഖ്യം ലഭിക്കുന്നില്ല. ഉത്പന്നങ്ങളുടെ ഗുണമേന്മ അന്താരാഷ്ട്ര വിപണിയിൽ കർശനമായി പാലിക്കപ്പെടുന്നുണ്ട്. മേച്ചിൽപ്പുറങ്ങൾ,കൃഷിയിടങ്ങൾ എന്നിവയുടെ വിസ്തൃതിയിലുള്ള കുറവ് തീറ്റപ്പുൽ ദൗർലഭ്യം, തീറ്റവില എന്നിവ ഈ മേഖലയിലെ പരിമിതികളിൽ ചിലതാണ്. കഴിഞ്ഞ 20വർഷക്കാലയളവിൽ പാലിൻറെ വിലയിൽ 50%വും കാലിത്തീറ്റ വിലയിൽ 45%വും വർദ്ധനയുണ്ടായി.

3. 2007ലെ കന്നുകാലി സെൻസസ്സിൽ കേരളത്തിൽ എല്ലാ മൃഗങ്ങളുടെ എണ്ണത്തിലും മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ദേശീയ തലത്തിൽ 1992മുതൽ കന്നുകാലികളുടെ എണ്ണത്തിൽ മാത്രമേ കുറവ് രേഖപ്പെടുത്തിയിട്ടുള്ളൂ! ഉത്പാദനക്ഷമത കുറഞ്ഞ നാടൻ പശുക്കൾ സങ്കരയിനമായി മാറിയത് കന്നുകാലികളുടെ എണ്ണം കുറയ്ക്കാനുള്ള കാരണങ്ങളിൽ ഒന്നായി കരുതാം. ആടുകളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. തീറ്റപ്പുൽ ദൗർലഭ്യം, നഗരവത്ക്കരണം, ആട്ടിറച്ചിയുടെ ഉപയോഗം എന്നിവ ഇതിന് വഴിയൊരുക്കിയിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ കേരളത്തിൽ ലാഭകരമല്ല. എന്നാൽ കുറഞ്ഞ മുതൽമുടക്കുള്ള വീട്ടുമുറ്റത്തെ കോഴിവളർത്തൽ,താറാവുവളർത്തൽ എന്നിവയ്ക്ക് സാധ്യതകളുണ്ട്.

4. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള വരവു കുറഞ്ഞതും പക്ഷിപ്പനിയും മൂലം നിർജ്ജീവാവസ്ഥയിലായിരുന്ന ഇറച്ചിക്കോഴി, കാട വിപണി ഇന്ന് ഉയിർത്തെഴുന്നേൽപ്പിൻറെ പാതയിലാണ്. മൂല്യവർദ്ധിത

നികുതി, പക്ഷിപ്പനി നിയന്ത്രണ നടപടികൾ എന്നിവ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള കോഴികളുടെ വരവ് കുറയ്ക്കാനിടവരുത്തിയിട്ടുണ്ട്. അഭ്യന്തര കോഴിയുത്പാദനം, വിപണനം, എന്നീ മേഖലകൾ കൂടുതൽ സജീവമാകാൻ ഇതുപകരിക്കും.

5. കേരളത്തിൽ പന്നികളുടെ എണ്ണത്തിലും 47%ത്തോളം കുറവ് രേഖപ്പെടുത്തി യിട്ടുണ്ട്. മലിനീകരണ പ്രശ്നങ്ങളാണിതിന് മുഖ്യകാരണം. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ച് സർക്കാർ നിബന്ധനകൾ അനുവർത്തിച്ച് പന്നിഫാമുകൾ ലാഭകരമായി നടത്താവുന്നതാണ്. ജൈവകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം കുറഞ്ഞ സ്ഥലത്ത് കൂടുതൽ ഉത്പാദനം സാധ്യമാക്കാനായി കൃഷി, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള സംയോജിത കൃഷിരീതികളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

6. കുറഞ്ഞ സ്ഥലത്ത് കൂടുതൽ കൃഷിരീതികൾക്കുതകുന്ന സമ്മിശ്രകൃഷിക്കും സാധ്യതകളിന്നുണ്ട്. പശു, ആട്, മുയൽ,കോഴിവളർത്തൽ എന്നിവ ആരംഭിക്കാവുന്നതാണ്. മൃഗസംരക്ഷണ മേഖലയിൽ ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കാൻ മെച്ചപ്പെട്ട ജനുസ്സുകളെ വളർത്തുന്നതോടൊപ്പം ശാസ്ത്രീയ തീറ്റക്രമം, പരിചാരണമുറകൾ,രോഗനിയന്ത്രണ മാർഗങ്ങൾ എന്നിവ അനുവർത്തിക്കുകയും വേണം.

7. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുന്നത് ശാസ്ത്രീയ തീറ്റക്രമ പരിചരണമുറകൾ സ്വീകരിക്കാൻ കർഷകരെ സഹായിക്കും. പഞ്ചായത്തുതോറുമുള്ള മൃഗാശുപത്രികൾ കേരളത്തിൻറെ മാത്രം പ്രത്യേകതയാണ്. നൂതന ഗവേഷണ ഫലങ്ങൾ,ബയോടെക്നോളജി മുതലായവ മൃഗചികിത്സാരംഗത്ത് പ്രയോജനപ്പെടുത്തി വരുന്നു. സാംക്രമിക രോഗങ്ങളുടെ കാര്യത്തിൽ പ്രതിരോധകുത്തിവെയ്പ് മുൻഗണന നൽകണം.

8. കേരളത്തിലുത്പാദിപ്പിക്കപ്പെടുന്ന പാലിൽ 20%ൽ താഴെ മാത്രമേ സംഘടിത മേഖലയിലൂടെ വിപണനം നടത്തുന്നുള്ളൂ. ബാക്കിയുള്ള പാലും മുട്ടയും ഇറച്ചിയും കർഷകർ നേരിട്ട് വിൽപന നടത്തുന്നത് അസംഘടിത മേഖലയിലൂടെയാണ്. ഗുണമേന്മയുള്ള ഇത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലക്ക് ശാസ്ത്രീയ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് ലഭ്യമാക്കേണ്ടതുണ്ട്.

## നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. ഉത്പാദനക്ഷമതക്കുറവ്
2. വന്യജീവി ആക്രമമം
3. ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തകൈവരിക്കുന്നതിലെകാലതാമസം
4. ക്ഷീരസംഘങ്ങൾക്കുള്ളപിന്തുണാസംവിധാനങ്ങളിലെപോരായ്മ

## പ്രശ്നപരിഹാരസാധ്യതകൾ

1. ആധുനിക രീതിയിലുള്ള അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കുക
2. വനത്തോട് ചേർന്നുള്ള കർഷകർക്ക് അടച്ചുറപ്പുള്ള സൌകര്യങ്ങൾ ഉറപ്പാക്കുക
3. സമ്മിശ്ര കൃഷി പ്രോത്സാഹനം
4. എല്ലായിടത്തും വേഗത്തിൽ എത്തിപ്പെടുന്നതിനാൽ മൊബൈൽ വെറ്ററിനറി ആശുപത്രി സേവനം
5. ക്ഷീരസംഘങ്ങളുടെ ശക്തിപ്പെടുത്തൽ, പങ്കാളിത്തം ഉറപ്പാക്കൽ

## ആരോഗ്യ മേഖല

ആരോഗ്യ രംഗത്ത് സുപ്രധാനമായ ഒട്ടനവധി നേട്ടങ്ങൾ ഉണ്ടാക്കിയ ഒരു സംസ്ഥാനമാണ് കേരളം. മെച്ചപ്പെട്ട ആയുർദൈർഘ്യം കുറഞ്ഞ ശിശു മരണ നിരക്ക് കുറഞ്ഞ മാതൃമരണ നിരക്ക് എന്നിങ്ങനെ കേരളം കൈവരിച്ച നേട്ടങ്ങൾ ഏറെയാണ്. കേരളം ഉണ്ടാക്കിയ ഈനേട്ടങ്ങൾക്ക് കാരണമായി ചൂണ്ടിക്കാണിക്കാവുന്നഘടകങ്ങൾ പലതാണ്. 2018ന് ശേഷം ആരോഗ്യമേഖലയിൽ വേഗത്തിലുള്ള നിരവധി മാറ്റങ്ങൾ കാണാൻ സാധിയ്ക്കും. കേരളം ലോകത്തിനു മാതൃകയായ രീതിയിൽ അടിസ്ഥാന സൌകര്യങ്ങൾ ഗ്രാമങ്ങളിൽ പോലും ലഭ്യമാക്കി. സബ്സെന്ററുകൾ ഹെൽത് ആന്റ് വെൽനസ് സെന്ററുകളായി മാറി പ്രാഥമിക പരിശോധിനകൾ നടത്തി വരുന്നു. ആവശ്യമായ ഉദ്യോഗസ്ഥ സംവിധാനം ലഭ്യമാക്കി. ശിശുമരണ നിരക്ക് കുറഞ്ഞു. നേട്ടങ്ങൾക്ക് പിന്നിൽ കാരണം പലതാണ്. സാക്ഷരത, മാതൃ സാക്ഷരത, രാഷ്ട്രീയസാമൂഹികപ്രസ്ഥാനങ്ങൾ ഉണ്ടാക്കിയെടുത്തപൊതുഅവബോധം, അധികാരവികേന്ദ്രീകരണംഎന്നിവഇവയിൽ പ്രധാനമാണ്. ചികിത്സാ

രംഗത്ത് ഇത്രയധികം സൌകര്യങ്ങളും നേട്ടങ്ങളും വന്നുകൊണ്ടിരിയ്ക്കുമ്പോൾ മറുവശത്ത് മദ്യപാനം, ലഹരിയുടെ ഉപയോഗം, പുതിയ രോഗങ്ങളുടെ ആധിക്യം, ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവ് എന്നിവ പൊതുജനാരോഗ്യ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ അത്രയും തകിടം മറിയുന്ന സ്ഥിതി സൃഷ്ടിച്ചെടുത്തു. 2018 വർഷം പ്രളയെ ശേഷമുണ്ടായ പ്രളയങ്ങളും കോവിഡ് കാലവും, 2024 വർഷത്തിൽ ചൂരൽമല മുണ്ടക്കൈ ദുരന്തവും നമ്മുടെ ജില്ലയിലെ ആരോഗ്യ സമവിധാനങ്ങളിൽ കാതലായ ആവശ്യ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനു പ്രധാനമായ കാരണമായി

ആരോഗ്യമെന്നത് ശാരീരികവും, മാനസികവും, സാമൂഹികവുമായ സുസ്ഥിതിയാണെന്ന് ലോകാരോഗ്യസംഘടന വിവരിയ്ക്കുന്നു. പൊഴുതന ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള സൌകര്യങ്ങൾ കൂടി വികസിപ്പിയ്ക്കേണ്ടതുണ്ട്.

## നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. സുഗന്ധഗിരി പ്രദേശത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൌകര്യങ്ങൾ ഇല്ലായ്മ , സബ് സെന്റർ കെട്ടിടത്തിന്റെ അപര്യാപ്തത
2. കുടുംബാരോഗ്യ കേന്ദ്രത്തിൽ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള സൌകര്യങ്ങളുടെ അപര്യാപ്തത
3. മഴക്കാല വെള്ളപ്പൊക്കത്തിൽ നിന്നും ഫാമിലി ഹെൽത്ത് സെന്ററിനെ സംരക്ഷിയ്ക്കുന്നതിന് ഉതകുന്ന കെട്ടിട സംവിധാനമില്ലായ്മ
4. വർദ്ധിച്ചുവരുന്ന മദ്യപാനം, ലഹരി ഉപയോഗം, ജീവിത ശൈലീ രോഗങ്ങൾ എന്നിവയിൽ നിന്നു വരുംതലമുറയെ മാറ്റിയെടുക്കാൻ കഴിയാത്തത് തുടങ്ങിയവ പ്രധാന പ്രശ്നമായി നിലനിൽക്കുന്നു.

## പ്രശ്ന പരിഹാര സാധ്യതകൾ

1. വിവിധ സ്രോതസ്സുകളിൽ നിന്നായി അടിസ്ഥാന സൌകര്യവികസനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുക

2. വിവിധ വകുപ്പുകളുമായി ചേർന്ന് വിമുക്തി തുടങ്ങിയ പരിപാടികൾ പിന്തുണച്ച് പ്രോത്സാഹിപ്പിയ്ക്കുക

3.വിവിധ പരിപാടികൾക്ക് പൊതുജന പങ്കാളിത്തം ഉറപ്പാക്കുക

## വിദ്യാഭ്യാസ മേഖല

1. മനുഷ്യന്റെ ബഹുമുഖമായ വികാസത്തെ പരിപൂർണതയിലെത്തിക്കുന്നത് ശരിയായ വിദ്യാഭ്യാസ പ്രക്രിയയാണ്. സ്വാമി വിവേകാനന്ദന്റെ അഭിപ്രായത്തിൽ, വ്യക്തിയിൽ അന്തർലീനമായ പൂർണതയുടെ ബഹിർ പ്രകടനമാണ് വിദ്യാഭ്യാസം. വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ തിരിച്ചറിഞ്ഞ് വികസിക്കുന്നതിലൂടെ സമ്പൂർണവും സവിശേഷതയുള്ളതുമായ ഒരു വ്യക്തിത്വം സൃഷ്ടിച്ചെടുക്കുവാൻ വിദ്യാഭ്യാസത്തിന് കഴിയും. ഈ ആശയം മികവാർന്ന തലങ്ങളിൽ പരിപോഷിപ്പിക്കുന്നതിനു വേണ്ടി നമുക്ക് ലഭ്യമായ വൈവിധ്യമാർന്ന വിജ്ഞാനോപാധികളെ ശരിയായ രീതിയിൽ പ്രയോഗിക്കപ്പെടേണ്ടതാണ്.
2. വിദ്യാഭ്യാസത്തിൻറെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചുമുള്ള ശരിയായ ബോധത്തിൽ നിന്ന് അറിവിൻറെ ആരംഭം കുറിക്കുകയും അതിലൂടെ ജ്ഞാന സമ്പാദനം ഉൾക്കൊള്ളുവാനുമുള്ള പ്രാപ്തി നേടാനുംകഴിയും. വിദ്യാഭ്യാസം ഒരു വ്യക്തിയിലുള്ള നന്മയെ പരിപോഷിപ്പിക്കുകയും തിന്മയെ ഉന്മൂല നാശം വരുത്തുകയും ചെയ്യും.അടിസ്ഥാന പരമായി നല്ലതും ചീത്തയും വേർ തിരിച്ചറിയുവാനും അതിലൂടെ നന്മയെ സ്വീകരിക്കുവാനും തിന്മയെ തിരസ്കരിക്കുവാനും ശരിയായ വിദ്യാഭ്യാസത്തി ന്സാധിക്കും.വ്യക്തിയുടെ സർവ്വോന്മുഖമായവികാസമാണ് വിദ്യാഭ്യാസത്തിൻറെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം.
3. ഏതു തരം സങ്കീർണ ഘട്ടത്തിലായാലും സ്വന്തം ധാർമ്മിക ബോധം ഉപേക്ഷിക്കാതെ, സത്യസന്ധമായി മനഃസാന്നിധ്യത്തോട്ടു കൂടി ജീവിതം നയിക്കുവാനുള്ള മാനസിക വളർച്ചനയുംബുദ്ധിവികാസവുംആത്മബോധവുംവാർത്തെയടുക്ക വാൻ വിദ്യാഭ്യാസത്തിന്കഴിയും. അതിലൂടെവ്യക്തിക്കുംകുടുംബത്തിനുംസമൂഹത്തിനുംരാഷ്ട്രത്തിനും വിശിഷ്യലോകത്തിനുംമാതൃകയായിലോകന<sup></sup>പ്രദാനംചെയ്യുവാൻ ഓരോവ്യക്തിക്കുംസാധിക്കണം.

## നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. വിദ്യാർത്ഥികളുടെകൊഴിഞ്ഞുപോക്ക്
2. പൊതുവിദ്യാഭ്യാസത്തോടുള്ളതാൽപര്യക്കുറവ്
3. അടിസ്ഥാനസൗകര്യങ്ങളുടെഅപര്യാപ്തത

## പ്രശ്ന പരിഹാര സാധ്യതകൾ

1. വിദ്യാഭ്യാസസ്ഥാപനങ്ങളെശിശുസൗഹൃമാക്കുക
2. വിദ്യാലയങ്ങളിൽ അടിസ്ഥാനസൗകര്യംഒരുക്കുക

## പ്രാദേശിക സാമ്പത്തിക വികസനം

73ഉം74ഉം, ഭരണഘടനാ ഭേദഗതികൾക്ക് തുടർച്ചയായി പ്രാദേശിക ഭരണ സംവിധാനം പ്രാവർത്തികമാക്കുന്നതിനും, അതുവഴി സാമ്പത്തിക പുരോഗതിയും സാമൂഹിക നീതിയും ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനം നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെറുകിട സംരംഭകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ , വ്യവസായ വകുപ്പ്, പഞ്ചായത്ത് പദ്ധതി എന്നിവയിലുൾപ്പെടുത്തി നിരവധി സംരംഭങ്ങൾ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നു. ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ ഇന്റേൺിന്റെ സേവനം സർക്കാർ അനുവദിച്ചതും, സിംഗിൾ വിൻഡോ ക്ലിയറൻസ് എന്ന രീതിയിൽ കെ സ്വിഫ്റ്റ് സംവിധാനം വന്നതും ഈ മേഖലയി. വലിയ മാറ്റത്തിന് കാരണമായിട്ടുണ്ട്.

## നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. വ്യവസായ സൌഹൃദ സംസ്ഥാനമാക്കുന്നതിൻറെ ഭാഗമായി സർക്കാർ നടപ്പിലാക്കി വരുന്ന സേവനങ്ങൾ സംബന്ധിച്ച പൊതുജനങ്ങളുടെ പരിജ്ഞാനക്കുറവ്
2. പരിശീലനത്തിന്റെ അഭാവം
3. ഉൽപ്പന്നങ്ങൾക്ക്മാർക്കറ്റ്ലഭിക്കാതിരിക്കുക
4. സാങ്കേതിക പരിജ്ഞാനക്കുറവ്

## പ്രശ്ന പരിഹാര സാധ്യതകൾ

1. സബ്സിഡി കാലോചിതമായി പരിഷ്ക്കരിക്കുക
2. ഉൽപ്പന്നങ്ങൾക്ക് ഫലപ്രദമായവിപണന സൗകര്യം ലഭ്യമാക്കുക
3. തൊഴിലും തൊഴിൽ സംരംഭങ്ങളും സംബന്ധിച്ച അവബോധംപൊതുജനങ്ങളിൽ സൃഷ്ടിക്കുക.

## ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

സ്വാതന്ത്ര്യാനന്തരം രാജ്യത്ത് നടപ്പാക്കിയ പഞ്ചവത്സര പദ്ധതികൾ വഴി സാമ്പത്തിക ഭദ്രത നേടുന്നതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നാം ശ്രമിച്ച ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നു. ആയതിന്റെ മാത്രമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി , കുടുംബശ്രീ, ആശ്രയ, പ്രധാൻമന്ത്രി ആവാസ് യോജന ലൈഫ് ഭവന പദ്ധതി, ഇവയിലൂടെ ദരിദ്രരുടെ എണ്ണത്തിൽ വലിയതോതിലുള്ള കുറവു വരുത്താൻ സാധിച്ചിട്ടുണ്ട്. കേരള സംസ്ഥാന സർക്കാറിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ലോകത്തിനു തന്നെ മാതൃകയാണ്. അതി ദരിദ്ര്യ വിഭാഗത്തിലുള്ളവരെ പ്രത്യേക സർവ്വേയിലൂടെ കണ്ടെത്തി അവർക്ക് ആവശ്യമുള്ളത് തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി അതിദാരിദ്ര്യ മുക്ത പഞ്ചായത്തായി മാറുക എന്ന ലക്ഷ്യം നേടുന്നതിനായി നാം മുന്നോട്ട് പോവുകയാണ്.

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2005 സെപ്തംബർ മാസത്തിൽ പാർലിമെന്റ് പാസ്സാക്കിയ തൊഴിലുറപ്പ് നിയമ പ്രകാരം ഗ്രാമീണ മേഖലയിൽ ഓരോ കുടുംബത്തിനും 100 തൊഴിൽ ദിനങ്ങൾ ഉറപ്പു വരുത്തുന്നു. സംസ്ഥാന സർക്കാറിന്റെ നേതൃത്വത്തിൽ ട്രൈബൽ മേഖലയിൽ കൂടുതലായി 100 ദിനങ്ങൾ കൂടെ അനുവദിച്ചത് ഏറെ അഭിനന്ദനാർഹമാണ് കൃഷി, ജലസേചനം, വ്യക്തിഗത ആനുകൂല്യങ്ങൾ, റോഡ്, ഭവന പദ്ധതി, തുടങ്ങിയ മേഖലകളിലെല്ലാം തൊഴിലുറപ്പു പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നു. നല്ലൊരു ശതമാനം ആദിവാസി വിഭാഗങ്ങൾ അധിവസിയ്ക്കുന്ന പൊഴുതന ഗ്രാമപഞ്ചായത്തി തൊഴിലുറപ്പു പദ്ധതിയിലെ അംഗീകാരമായി മഹാത്മാ പുരസ്കാരം തുടർച്ചയായി നേടാൻ കഴിഞ്ഞു എന്നത് എടുത്തു പറയാൻ പറ്റിയ നേട്ടമാണ്. പഞ്ചായത്തിലെ നല്ലരു ശതമാനം ആളുകൾക്ക് 100 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്താൻ കഴിയുകയും അതുവഴി സംസ്ഥാനതലത്തി തന്നെ ഏറ്റവും അധികം ആളുകൾക്ക് 100 ദിനം

തൊഴിൽ നൽകിയ പഞ്ചായത്തായി മാറുന്നതിനും സാധിച്ചു എന്നതിൽ അഭിമാനിക്കാം.

**ലൈഫ് ഭവന പദ്ധതി , പി.എം.എ.വൈ, പി.എം.ജന്മൻ**

കേന്ദ്ര സംസ്ഥാന സർക്കാരുടെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ വഴി നിരവധി ആളുകൾക്ക് അടച്ചുറപ്പും സുരക്ഷിതവുമായ ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിച്ചു. പൊഴുതന ഗ്രാമപഞ്ചായത്തിൽ വിവിധ ഭവന പദ്ധതികൾ ഉൾപ്പെടുത്തി നിരവധി വീടുകൾ നൽകാൻ സാധിച്ചു. അർഹരായവർക്ക് വീട് നൽകുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. വൈകാതെ എല്ലാവർക്കും ഭവനമെന്ന ലക്ഷ്യം നമുക്ക് കൈവരിക്കാൻ സാധിക്കും. ഒരു പദ്ധതിയിലും നിലവിലുൾപ്പെടാതെ പോയ അർഹരാവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

**കുടംബശ്രീ**

ലോകത്തിന് തന്നെ മാതൃകയായ കുടുംബശ്രീ സംവിദാനം വളരെ വിജയകരമായി തന്നെ പ്രയാമം തുടരുകയാണ്. സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ ലക്ഷ്യങ്ങളിൽ നിന്ന് തുടങ്ങി ഇന്ന് സമൂഹത്തിന്റെ സമഗ്രവളർച്ചയിൽ കുടുംബശ്രീ നല്ലൊരുപങ്ക് വഹിക്കുന്നതായി കാണാം. സംസ്ഥാന തലത്തിൽ തന്നെ മികച്ച വനിതാ സംരംഭകക്കുള്ള പുരസ്കാരം പൊഴുതന ഗ്രാമപഞ്ചായത്ത് സിഡിഎസിലെ “നന്മ”ഫുഡ് പ്രോഡക്ട്സ് യൂണിറ്റിന് ലഭിച്ചു എന്നത് വലിയൊരു നേട്ടമാണ്. ഇത്തരത്തിൽ മികച്ച ഒരുപാട് സംരംഭങ്ങൾ പൊഴുതന സിഡിഎസിൽ പ്രവർത്തിച്ചു വരുന്നു.

**സ്വർണജയന്തി ഗ്രാമസ്വ റോസ്ഗാർ യോജന**

ഗ്രാമീണ മേഖലയിൽ ചെറുസംരംഭങ്ങൾ ആരംഭിക്കുക വഴിസ്വയം തൊഴിലിന് ജനങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ഈ പരിപാടിയുടെലക്ഷ്യം. മൂന്നു വർഷം കൊണ്ട് ഗുണഭോക്തൃ കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക്മുകളിൽ കൊണ്ടുവരികഎന്നുള്ളതാണ് ഈപദ്ധതിയുടെലക്ഷ്യം.

## ആശ്രയ

സമൂഹത്തിൻറെ താഴെത്തട്ടിൽ ജീവിക്കുന്ന അഗതികളുടെ പുനരധിവാസത്തിനു വേണ്ടി ഉണ്ടാക്കിയ സമഗ്രവികസന പദ്ധതിയാണ് ആശ്രയ. പൊതുവിതരണം, പ്രത്യേകപോഷകാഹാരം, ആരോഗ്യം, പെൻഷൻ, പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾ എന്നീ മേഖലകളുടെ സേവനങ്ങളും വിഭവങ്ങളും ഏകോപിപ്പിച്ച് പദ്ധതി നടപ്പാക്കുന്നു. മിനിമം നിലവാരത്തിലെത്തുന്നതുവരെ അഗതി കുടുംബങ്ങളെ നിരന്തരം ശ്രദ്ധിക്കുന്നതാണ്.

## പ്രധാന മന്ത്രി ആവാസ് യോജന

ഗ്രാമ പ്രദേശങ്ങളിലെ ഭവനരഹിതരായ പട്ടികജാതിപട്ടികവർഗ്ഗക്കാർ,ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു പാവപ്പെട്ടവർ എന്നിവർക്ക് വീട്നിർമിക്കാൻ സഹായിക്കുകയാണ്പ്രധാൻ മന്ത്രി ആവാസ് യോജനയുടെ ലക്ഷ്യം. ഗ്രാമസഭകളാണ് ഇതിൻറെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്

## പ്രധാനമന്ത്രി ഗ്രാമ സഡക് യോജന

ഗ്രാമ പ്രദേശങ്ങളിൽ റോഡില്ലാത്ത പ്രദേശങ്ങളിൽ റോഡ്നിർമ്മിക്കുക എന്നതാണ് ഈപദ്ധതി. നൂറ്ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഈ പരിപാടിയിൽ അർഹരായ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ റോഡുകൾ നിർമ്മിയ്ക്കുന്നു.

## നിലനിൽക്കുന്ന പ്രശ്നങ്ങൾ

1. ചില കാർഷിക സീസണുകളിൽ തൊഴിലുറപ്പിൽ വരുന്ന പങ്കാളിത്തക്കുറവ്

2. കാലാവസ്ഥാനുസർതമായി പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സം

3. വ്യക്തിഗത ആനുകൂല്യങ്ങൾ കൈപ്പറ്റുന്നകതിലെ താത്പര്യക്കുറവ്

## പ്രശ്ന പരിഹാര സാധ്യതകൾ

1. കാലാനുസൃതമായി പദ്ധതി രൂപീകരണത്തിന്റെ കേന്ദ്ര തലത്തിൽ തന്നെ മാറ്റങ്ങൾ ഉണ്ടാവണം

2. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായംനൽകുക

3. മെറ്റീരിയൽ വർക്കുകളുടെ തുക പെട്ടെന്ന് നൽകുന്നതിന് സാധ്യമാകണം

## വനിതാ വികസനം

1. സ്വതന്ത്ര ഇന്ത്യയുടെ 67ാാം വർഷലത്തിലും ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീ സമൂഹം വിദ്യാഭ്യാസമില്ലാത്ത, വരുമാനമില്ലാത്ത, തൊഴിലില്ലാത്ത, അധികാരമില്ലാത്ത, സ്വയം നിർണ്ണംയാവകാശമില്ലാത്ത, സുരക്ഷിതത്വമില്ലാത്ത, സ്വത്തവകാശമില്ലാത്ത വിഭാഗമായി തുടരുന്നു. ഇന്ത്യൻ ജനാധിപത്യത്തെ അർത്ഥരഹിതമാക്കി മാറ്റുന്ന വിവേചനങ്ങളാണ് ഇന്ത്യൻ സ്ത്രീ അനുഭവിക്കുന്നത്. അടിമത്തവും ജ്ാിത്തവും മുതലാളിത്തവും സാമ്രാജ്യത്വവും കൂടിക്കലർന്നായ ഇന്ത്യൻ സാമൂഹ്യാവസ്ഥയുടെ അനിവാര്യഭാഗമാണ്.

